# മുസ്‌ലിം എം.പിമാരുടെ പ്രകടനം മോശം

**ഇക്കഴിഞ്ഞ** ലോക്സഭാ സമ്മേളനത്തിൽ മുസ്‌ലിം എം.പിമാരുടെ പ്രകടനം നിരാശാജനകം. ആകെയുള്ള 30 എം.പിമാരിൽ ഏഴ് പേർ മാത്രമാണ് ഈ സമ്മേളനത്തിൽ ചോദ്യങ്ങൾ ഉന്നയിച്ചത്. ഇവർക്കു പുറമെ അഞ്ചു പേർ ചില ചർച്ചകളിലും പങ്കെടുത്തു. ഹൈദരാബാദ് എം.പി അസദുദ്ദീൻ ഉവൈസിയാണ് മികച്ച പ്രകടനം കാഴ്ചവെച്ചത്. 47 ചോദ്യങ്ങൾ ഉന്നയിച്ച ഉവൈസി രണ്ട് ചർച്ചയിലും പങ്കെടുത്തു. പശ്ചിമബംഗാളിലെ ബർദാമൻ ദുർഗാപൂരിൽ നിന്നുള്ള സി.പി.എം എം.പി ശൈഖ് സൈദുൽ ഹഖ് 16 ചോദ്യങ്ങൾ ചോദിച്ചപ്പോൾ ഉത്തർപ്രദേശിലെ സംഭലിൽ നിന്നുള്ള ബി.എസ്.പി അംഗം ഷഫീഖുർറഹ്മാൻ ബർഖ് 7 പ്രശ്നങ്ങൾ ഉന്നയിച്ചു. ആസാമിലെ എ.യു.ഡി.എഫ് നേതാവ് ബദ്റുദ്ദീൻ അജ്മലും പൊന്നാനി എം.പി ഇ.ടി മുഹമ്മദ് ബഷീറും ആറു ചോദ്യങ്ങൾ വീതം ചോദിച്ചു. വയനാട് എം.പി എം.ഐ ഷാനവാസ് ചോദ്യങ്ങൾ ഉന്നയിക്കാത്ത എം.പിമാരുടെ കൂട്ടത്തിലാണ്.

### 38 സീറ്റുകൾ മുസ്‌ലിംകൾക്ക് നൽകണമെന്ന് ജമാഅത്ത്

ഒക്ടോബറിൽ നടക്കാനിരിക്കുന്ന മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിംകൾക്ക് ജനസംഖ്യാനുപാതിക പ്രാതിനിധ്യം നൽകണമെന്ന് കോൺഗ്രസ്-എൻ.സി.പി സഖ്യത്തോട് ജമാഅത്തെ ഇസ്‌ലാമി ആവശ്യപ്പെട്ടു. 288 അംഗ സഭയിലെ 38 സീറ്റുകളിലെങ്കിലും മുസ്‌ലിംകൾക്ക് ടിക്കറ്റ് നൽകണമെന്ന് സംസ്ഥാന അമീർ എഞ്ചിനീയർ നസർ മുഹമ്മദ് മദ്ഊ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. റിപ്പബ്ലിക്കൻ പാർട്ടിയും ഇടതു പാർട്ടികളും ചേർന്നുള്ള മൂന്നാം മുന്നണി ശുഭസൂചനയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 12 ആവശ്യങ്ങളടങ്ങിയ ജനകീയ പ്രകടനപത്രിക എല്ലാ രാഷ്ട്രീയപാർട്ടികൾക്കും മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന് നസർ മദ്ഊ അറിയിച്ചു. ശ്രീകൃഷ്ണ, ഗുണ്ടേശ്വർ കമീഷനുകളുടെ ശിപാർശകൾ നടപ്പാക്കുക, വഖ്ഫ് ബോർഡിന് സ്വയംഭരണ പദവി നൽകുക, സംസ്ഥാന ന്യൂനപക്ഷ കമീഷന് സ്റ്റാറ്റ്യൂട്ടറി പദവി നൽകുക, MCOCA ദുരുപയോഗം തടയുക, 26/11 ആക്രമണം സുപ്രീംകോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന ആവശ്യങ്ങൾ.

### മധ്യപ്രദേശിലെ സൂര്യനമസ്കാരം ഹൈക്കോടതി തടഞ്ഞു

രണ്ടുവർഷം മുമ്പ് ബി.ജെ.പി സർക്കാർ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിർബന്ധമാക്കിയ സൂര്യനമസ്കാരം ഹൈക്കോടതി തടഞ്ഞു. കാതലിക് ചർച്ചിനുവേണ്ടി ഫാ. ആനന്ദ് മുട്ടുങ്ങൽ നൽകിയ ഹരജിയിലാണ് മധ്യപ്രദേശ് ഹൈക്കോടതിയുടെ ജബൽപൂർ ബഞ്ചിലെ ജസ്റ്റിസുമാരായ എ.കെ പട്നായിക്കും അജിത് സിംഗും സർക്കാർ തീരുമാനം റദ്ദാക്കിയത്. ഇത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് ചർച്ചിനുവേണ്ടി വാദിച്ച അഡ്വ. രാജേഷ് ചന്ദ് പറഞ്ഞു. ചീഫ് സെക്രട്ടറിക്കും വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിക്കും വിദ്യാഭ്യാസ കമീഷണർക്കും കോടതി നോട്ടീസയച്ചിട്ടുണ്ട്.

കോടതി വിധിയെ ജമാഅത്തെ ഇസ്‌ലാമി മധ്യപ്രദേശ് ഘടകം സ്വാഗതം ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതെങ്കിലും മതവിഭാഗങ്ങളുടെ ആചാരങ്ങൾ അടിച്ചേൽപ്പിക്കുന്നത് തടയേണ്ട ബാധ്യത വിദ്യാഭ്യാസ വകുപ്പിനാണെന്ന് ജമാഅത്ത് വക്താവ് അൻവർ സഫി പറഞ്ഞു.

### അഭിഭാഷകർക്ക് പേഴ്സണൽ ലോ ബോർഡിന്റെ റിഫ്രഷർ കോഴ്സ്

സുപ്രീംകോടതിയിലും ഹൈക്കോടതികളിലും മുസ്‌ലിം വിവാഹമോചന കേസുകൾ കൈയാളുന്ന അഭിഭാഷകർക്ക് ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ദൽഹിയിൽ റിഫ്രഷർ കോഴ്സ് സംഘടിപ്പിച്ചു. "സാധാരണ വിവാഹമോചനകേസുകളിലെ വിധികൾ ഖുർആനിനും സുന്നത്തിനും അനുഗുണമായിട്ടല്ല ഉണ്ടാവാറുള്ളത്. അഭിഭാഷകർക്ക് ഈ വിഷയങ്ങളിലെ ഇസ്‌ലാമികാധ്യാപനങ്ങൾ മനസ്സിലാക്കിക്കൊടുക്കാനും അങ്ങനെ ശരീഅത്തിന്റെ യഥാർഥ താൽപര്യം കോടതിയെ അറിയിക്കാനുമാണ് ഈ പദ്ധതി തയാറാക്കിയിരിക്കുന്നത്" - പ്രോഗ്രാം കൺവീനറും ജമാഅത്തെ ഇസ്‌ലാമി ദേശീയ ശൂറാ അംഗവുമായ ഡോ. എസ്.ക്യു.ആർ ഇല്യാസ് പറഞ്ഞു. ബോർഡിന്റെ ഭോപാൽ സമ്മേളനത്തിൽ ഉലമാക്കളെയും മുസ്‌ലിം അഭിഭാഷകരെയും പരസ്പരം ബന്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നതായും അദ്ദേഹം അനുസ്മരിച്ചു. ബോർഡിന്റെ ശരീഅ കമ്മിറ്റി തലവൻ മൗലാനാ ഖാലിദ് സൈഫുല്ല റഹ്മാനി, അഡ്വക്കേറ്റുമാരായ മുഷ്താഖ് അഹ്മദ്, ഇസഡ്.കെ ഫൈസൽ, ഫിറോസ് അഹ്മദ് ഗാസി, താരിഖ് സിദ്ദീഖി, മൻസൂർ അഹ്മദ് തുടങ്ങിയവർ സംബന്ധിച്ചു.

### അഅ്സംഗഢ് എം.പിയെ അറസ്റ്റു ചെയ്തു

ഉലമാ കൗൺസിൽ നേതാക്കളെ വധിക്കാൻ ശ്രമിക്കുകയും ഒരു യുവാവിനെ വെടിവെച്ചു കൊല്ലുകയും ചെയ്ത അഅ്സംഗഢിലെ ബി.ജെ.പി എം.പി രമാകാന്ത് യാദവിനെ യു.പി പോലീസ് അറസ്റ്റു ചെയ്തു. കൊല നടത്തിയശേഷം ഇയാൾ ഒളിവിലായിരുന്നു. യാദവിനെ അറസ്റ്റു ചെയ്യണമെന്ന് മുസ്‌ലിം സംഘടനകൾ ആവശ്യപ്പെട്ടിരുന്നു. മുൻകൂർ ജാമ്യം തേടി അലഹബാദ് ഹൈക്കോടതിയെ സമീപിച്ച യാദവിന്റെ ഹർജി ഡിവിഷൻ ബഞ്ചിലെ ജസ്റ്റിസുമാരായ രവീന്ദർ സിംഗും വൈ.സി ഗുപ്തയും തള്ളുകയും കോടതിയിൽ കീഴടങ്ങാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

### അംബാലയിലേക്ക് മുശാവറയുടെ വസ്തുതാന്വേഷണ സംഘം

പഞ്ചാബിലെ അംബാല ജില്ലയിലെ താക്കൂർപുര-കലാലതി ഗ്രാമത്തിൽ പള്ളി നിർമിക്കുന്നതിനിടെ ആസൂത്രിതമായ നടത്തപ്പെട്ട മുസ്‌ലിം വിരുദ്ധ കലാപത്തെക്കുറിച്ച് അന്വേഷിക്കാൻ മുസ്‌ലിം മജ്‌ലിസെ മുശാവറ വസ്തുതാന്വേഷണ സംഘത്തെ അയച്ചു. മുശാവറയുടെ ദൽഹി ഘടകം പ്രസിഡന്റ് എ.ആർ അഗ്‌വാന്റെ നേതൃത്വത്തിൽ പുറപ്പെട്ട സംഘത്തിൽ ഹരിയാന ജമാഅത്തെ ഇസ്‌ലാമി ഓർഗനൈസർ ഇർഫാൻ അഹ്മദ് ഖാൻ, എ.പി.സി.ആർ കോഡിനേറ്റർ മഹ്താബ് ആലം, മില്ലി ഗസറ്റിലെ നദീം അഹ്മദ് എന്നിവരാണുണ്ടായിരുന്നത്.

400 ഓളം ഹിന്ദുകുടുംബങ്ങളും 11 മുസ്‌ലിം കുടുംബങ്ങളുമാണ് ഗ്രാമത്തിലുള്ളത്. മുസ്‌ലിംകൾക്ക് സ്വന്തമായി ഭൂമിയോ പള്ളിയോ ഖബ്റിസ്ഥാനോ ഉണ്ടായിരുന്നില്ല. കാലങ്ങളായി സാമുദായിക സൗഹാർദം നിലനിൽക്കുന്ന പ്രദേശമാണ് കലാലതി ഗ്രാമം.

ഈ റമദാന് മുമ്പായി ഒരു പള്ളി നിർമിക്കണമെന്ന ആഗ്രഹത്തിൽ മുസ്‌ലിംകൾ ഭൂമി വാങ്ങുകയും പണി തുടങ്ങുകയും ചെയ്തു. പള്ളി നിർമിക്കരുതെന്നാവശ്യപ്പെട്ട് ചിലർ രംഗത്തെത്തി. ഫാഷിസ്റ്റ് സംഘടനകൾ ഇവർക്ക് പിന്നിലുണ്ടായിരുന്നു. പള്ളി പണിതാൽ ഗോവധം വ്യാപകമാവുമെന്നും പശുവിന്റെ തലക്കുമുകളിലാണ് പള്ളിയുടെ തറക്കല്ലിടുന്നതെന്നും ഇവർ കിംവദന്തി പരത്തി. അടുത്തദിവസം പണിക്ക് എത്തിയ മുസ്‌ലിംകളെ ഈ സംഘം മാരകായുധങ്ങൾ കൊണ്ട് ക്രൂരമായി മർദിച്ചു. പലർക്കും ഗുരുതരമായി പരിക്കേറ്റു. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി. സ്ഥലത്തുണ്ടായിരുന്ന പോലീസ് ഇടപെടാതെ മാറിനിന്നു.

പിന്നീട് മുസ്‌ലിം നേതാക്കൾ തന്നെ ഇടപെട്ട് രമ്യത ഉണ്ടാക്കി. വൈകിയാണെങ്കിലും പോലീസ് 23 പേർക്കെതിരെ കേസെടുത്തു.

**അബ്ബാദ്**